ടാൻസ്പോർട്ട് ബസ്സുകൾ

*൩൭. (൭൭) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾ ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ.—

കൊല്ലം കൊട്ടാരക്കര ലൈനിൽ ഇപ്പോൾ എത്ര ടാൻസ്പോർട്ട് ബസ്സുകൾ സർവ്വീസു നടത്തുന്നു? അവ എത്ര സമയം ഇടവിട്ടാണ് പുറപ്പെടുന്നത്?

രോമത്തും ഗതാഗതവും കുഴിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

കൊല്ലം—കൊട്ടാരക്കര ലൈനിൽക്കൂടി ഇപ്പോൾ എഴു ബസ്സുകൾ സർവ്വീസു നടത്തുന്നുണ്ട്. അതിൽ രണ്ട് എണ്ണം കൊല്ലത്തുനിന്നും ചെങ്കോട്ടയ്ക്കും രണ്ട് എണ്ണം കൊല്ലത്തുനിന്ന് പുനലൂക്കും മൂന്നു എണ്ണം, കൊല്ലത്തുനിന്നും കൊട്ടാരക്കരക്കും ഉണ്ട്. കാലത്ത് ൭ മണിമുതൽ ശരാശരി ഒരു മണിക്കൂർ സമയം ഇടവിട്ട് വൈകിട്ട് ൭½ വരെ മറ്റു സർവ്വീസുകൾ പുറപ്പെടുന്നുണ്ട്.

കയർ സഹകരണസംഘങ്ങൾ

*൩൮. (൭൮) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു് എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തനം നടത്തുന്നു. അവ എവിടെയെല്ലാം;

(ബി) സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളുള്ള സ്ഥലങ്ങളിലെ കയർ ഉൽപാദകരായ തൊഴിലാളികൾക്ക് ഈ പ്രവർത്തനം കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാക്കിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു;

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണമൂരാമൻ):

(എ) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) പ്രവർത്തനം തുടങ്ങിയിട്ടേയുള്ളൂ. പ്രയോജനം ഉണ്ടാകുമെന്നു തന്നെ വിചാരിക്കുന്നു.

List of Coir Societies which have started work in the State of Travancore-Cochin

No.	Name	Jurisdiction	Headquarters
1	The Thiruvallom-Patchalloor Coir Vyavasaya Co-operative Society Ltd. No. 3061	Thiruvallam Patchalloor Kovalam and Panamthura	Patchalloor
2	The Perumathura Coir Vyavasaya Co-operative Society Ltd. No. 3060	Puthukuruchi and Perumathura	Perumathura
3	The Murukkumpuzha Kaniyapuram Coir Vyavasaya Co-operative Society Ltd. No. 3063	Murukkumpuzha and Kaniyapuram	Murukkumpuzha
4	The Perumkuzhi Coir Vyavasaya Co-operative Society No. 3053	Azhoor and Perumkuzhi	Perumkuzhi
5	The Vakkom Coir Vyavasaya Co-operative Society Ltd. No. 3054	Vakkom	Vakkom

LIBRARY ARCHIVES Kerala Legislative Assembly